

# താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നൽകുന്നു

(ഹെബ്രാ 12, 6)

## വിചിന്തനം

നവംബർ 2022

'അങ്ങയുടെ സൃഷ്ടികളെ പീഡിപ്പിക്കുന്നതും നിന്ദിക്കുന്നതും ദുഷ്ടന്റെ പദ്ധതികളെ അനുകൂലിക്കുന്നതും അങ്ങേക്ക് യോജിച്ചതാണോ?' (ജോബ് 10, 34). ഇതിപ്പോൾ ദൈവത്തോടു ചോദിക്കുന്നത് ജോബല്ല, ഒരു സജീവ ജീസസ് യൂത്ത് ആണ്. അഞ്ചു വർഷത്തെ പച്ചപ്പുള്ള ദൈവാനുഭവമുള്ളവൾ. പൊടുന്നനെ അവിടുത്തെ സാന്നിദ്ധ്യം അനുഭവിക്കാനാവാതെയും പ്രാർത്ഥനയ്ക്ക് ഉത്തരംകിട്ടാതെയും പരിഭ്രാന്തയായവൾ. തന്റെ സങ്കടങ്ങൾ പങ്കുവയ്ക്കാൻ അവൾ ഒരു ആത്മീയഗുരുവിനെ തേടിയെത്തി. ആ ശ്രേഷ്ഠവൈദികൻ അവളെ ആശ്വസിപ്പിച്ചു: 'മോളേ, നീ ഇത്രയല്ലേ പറഞ്ഞുള്ളൂ. മണിക്കൂറുകളും ദിവസങ്ങളും സക്രാരിക്കു മുമ്പിൽ പ്രാർത്ഥിച്ചിട്ടും ഒരു ദൈവികാശ്വാസവും കിട്ടാതെ വന്നപ്പോൾ മുഷ്ടി ചുരുട്ടി ഇടിച്ചുകൊണ്ട് ഞാൻ അലറിയിട്ടുണ്ട്, ദൈവമേ, അങ്ങ് ഇവിടൊന്നുമില്ലേ, എവിടാ ഇപ്പോൾ താമസം?'

ഇത് ഒന്നോ രണ്ടോ പേരുടെ ഒറ്റപ്പെട്ട അനുഭവങ്ങളല്ല. എന്തുകൊണ്ടാണ് നമ്മെ സ്നേഹിക്കുന്ന ദൈവം തന്റെ ശുശ്രൂഷകരിൽനിന്ന് ചിലപ്പോഴെല്ലാം മറഞ്ഞുനിൽക്കുന്നത്? ദൈവം തന്റെ മക്കളായി സ്വീകരിച്ചു സ്നേഹിക്കുന്നവർക്ക് ശാസനയും ശിക്ഷണവും പ്രഹരവും നൽകുന്ന ഒരു പരിശീലനഘട്ടം (ഹെബ്രാ 12, 511) ആത്മീയവളർച്ചയുടെ നാൾവഴികളിൽ ഇന്നല്ലെങ്കിൽ നാളെ ഉണ്ടാവുമെന്ന് തിരുവചനം ഉറപ്പിച്ചു പറയുന്നുണ്ട്. 'വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല' (ഹെബ്രാ 12,14) എന്നതിനാലാണ് ദൈവം നമ്മെ 'വിശുദ്ധീകരിച്ചു തന്നോടടുപ്പി'ക്കുന്നത് (പ്രഭാ 33,12; തീത്തോ 2,14). വിശുദ്ധർ ഏവരും ദൈവിക ശിക്ഷണം ഏറ്റുവാങ്ങി അവിടുത്തെ പരിശുദ്ധിയിൽ പങ്കുപറ്റിയവരാണ്. വിശുദ്ധി പ്രാപിക്കാനുള്ള നമ്മുടെ ശ്രമങ്ങളുടെ പരിമിതിയറിഞ്ഞ്, ദൈവംതന്നെ മുൻകയ്യെടുത്ത് നമ്മെ പരിശീലിപ്പിക്കാറുണ്ട്. അതു തന്റെ സഹനത്തിന്റെ പാനപാത്രത്തിലും നമ്മെ പങ്കുചേർത്തുകൊണ്ടാണ് (മത്താ 20, 23).

സ്വന്തം കഴിവുകൊണ്ടു ചെയ്യുന്നുവെന്നു കരുതുന്ന നമ്മുടെ പ്രവർത്തനങ്ങളിൽനിന്ന് നിശ്ചിതകാലത്തേക്ക് ദൈവാത്മാവ് പിൻവാങ്ങുന്നതോടെയാണ് (സങ്കീ 51,11) പരിശീലനം ആരംഭിക്കുന്നത്. 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ലെന്ന്' (യോഹ 15, 5) അനുഭവിച്ചറിയാനാണിത്. വൈകാതെ, ദൈവസാന്നിദ്ധ്യാനുഭവം നമുക്കു നഷ്ടമാവുന്നു (സങ്കീ 30, 67); പ്രാർത്ഥന വരണ്ടുതുടങ്ങുന്നു; വചനവായന യാന്ത്രികമാവുന്നു; കൂട്ടായ്മകൾ വിരസമാവുന്നു; പ്രവർത്തനങ്ങൾ ഫലശൂന്യങ്ങളാവുന്നു; ഉത്സാഹമില്ലായ്മയും നിഷ്ക്രിയതയും ബാധിക്കുന്നു; ഒന്നിനുപുറകെ ഒന്നായി പരിഹാരമെന്തെന്നറിയാത്ത പ്രശ്നങ്ങൾ വലയംചെയ്യുന്നു; ആശ്രയിക്കാൻ ആരും ഇല്ലാതാവുന്നു; ആശ്വാസത്തിനായി കൗൺസലർമാരെയും ധ്യാനഗുരുക്കളെയും തേടിയലയുമെങ്കിലും ദൈവാനുഭവത്തിലേക്കു നയിക്കാൻ അവർക്കും കഴിയാതെപോകുന്നു. ഉറ്റവരുടെ മരണം, രോഗം, പരാജയം, നിന്ദനം, സാമ്പത്തികക്ലേശങ്ങൾ തുടങ്ങി പല ഭൗതികസാഹചര്യങ്ങളെയും ഈ ശിക്ഷണകാലത്തിലേക്കു നമ്മെ പ്രവേശിപ്പിക്കാൻ ദൈവം ഉപയോഗിച്ചെന്നുവരാം.

ഇതുവരെ നാം നേടിയ അറിവെല്ലാം ഇന്ദ്രിയ സഹായത്താലായിരുന്നു. പക്ഷേ, ഇപ്പോൾ ദൈവസാന്നിദ്ധ്യത്തിലേക്കു നമ്മെ എത്തിക്കാൻ അവയ്ക്കും കഴിയുന്നില്ല. ശേഷിക്കുന്നത് തീവ്രവികാരങ്ങളിൽ മങ്ങിപ്പോയ വിശ്വാസം മാത്രം. നമ്മുടെ വിശ്വാസത്തെ പൂർണ്ണതയിലെത്തിക്കാൻ കഴിവുള്ള യേശു മാത്രമാണ് ഇവിടെ നമ്മുടെ ഗുരുവും മാതൃകയും (ഹെബ്രാ 12, 2). 'അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് എഴുതപ്പെട്ടിരിക്കുന്ന'തുപോലെ (യോഹ 6, 45) ദൈവം നേരിട്ടു നമ്മെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സുവർണ്ണകാലമാണിത്. എത്ര പ്രാഗത്ഭ്യമുണ്ടെങ്കിലും മറ്റാർക്കും ഇവിടെ നമ്മെ സഹായിക്കാനാവില്ല.

'കർത്താവേ, എത്രനാൾ അങ്ങെന്നെ മറക്കും...? എത്രനാൾ രാപകൽ ഹൃദയവ്യഥയനുഭവിക്കണം...?' (സങ്കീ 13,2) എന്നു നമ്മൾ കേഴുന്നത് അവിടുന്നറിയുന്നുണ്ട്. 'എത്രനാൾ നീ എനിക്കു കീഴ്വഴങ്ങാതെതെനിൽക്കും?' (പുറ 10,3). എന്നായിരിക്കും ആ സമയത്ത് ദൈവം നമ്മോട് ചോദിക്കുന്നത്. ഉലയിലെ തീവ്രജ്വാലയിൽ വെള്ളി ശുദ്ധി ചെയ്തെടുക്കുന്നതിന് എത്രസമയം എടുക്കുമെന്ന് വെള്ളിപ്പണിക്കാരനു പറയാനാവില്ല. ശുദ്ധീകരിച്ചെടുക്കുന്ന വെള്ളിയിൽ തന്റെ മുഖം കണ്ണാടിയിലെന്നപോലെ കാണുന്നതുവരെ അയാൾ പ്രക്രിയ തുടരുന്നു. ദിവ്യകാരുണ്യത്തിനുമുമ്പിൽ മണിക്കൂറുകൾ ഇരുന്നിട്ടും ദൈവസാന്നിദ്ധ്യം അനുഭവിക്കാനാവാത്തതിൽ മദർ തെരേസ ഏറെക്കാലം സങ്കടപ്പെട്ടിരുന്നു. ദൈവം ഒരു കെട്ടുകഥയാണോയെന്നുപോലും സംശയിച്ച സമയങ്ങളുമുണ്ടായിരുന്നു. പക്ഷേ, ഇക്കാലത്തുതന്നെയായിരുന്നു മദർ അറിയാതെ ക്രിസ്തു മദറിൽ രൂപപ്പെട്ടതും. മദറിൽ ലോകം ക്രിസ്തുവിന്റെ മുഖം കാണുകയും ചെയ്തു.

ദൈവത്തെകൂടാതെ നമുക്കൊന്നും ചെയ്യാനാവില്ലെന്നു ശിക്ഷണകാലം നമ്മെ പഠിപ്പിക്കുന്നു. നമ്മുടേതെന്നു കരുതി ഗൂഢമായി അഹങ്കരിച്ചിരുന്ന ചിന്തകൾ ദൈവത്തിന്റേതായിരുന്നുവെന്നും (ഫിലി 2,13); പ്രഘോഷിച്ച വാക്കുകളും പിതാവിന്റേതായിരുന്നുവെന്നും (യോഹ 14,10); നാം ചെയ്തതെന്നു വിചാരിച്ചിരുന്ന പ്രവൃത്തികൾ യഥാർത്ഥത്തിൽ ചെയ്തിരുന്നത് ദൈവമായിരുന്നുവെന്നും (ഏശ 26,12); ശുശ്രൂഷകൾക്കുവേണ്ടി അദ്ധ്വാനിച്ചതു നാമായിരുന്നില്ല, നമ്മിലുള്ള ദൈവകൃപയായിരുന്നുവെന്നും (1 കോറി 15,10) നാം തിരിച്ചറിയുന്നു. ഇതോടൊപ്പം, സ്വന്തം ശ്രമങ്ങൾകൊണ്ട് മാറ്റാനാവാതിരുന്ന പല ആസക്തികളും തഴക്കദോഷങ്ങളും വിട്ടുപോയതും ദൈവാശ്രയത്വവും സ്നേഹവും ക്ഷമയും കാരുണ്യവുമെല്ലാം വർദ്ധിച്ചുവരുന്നതും നാം അനുഭവിച്ചുതുടങ്ങുന്നു. ഈ അവബോധത്തിൽ വിനയാന്വിതരാകുമ്പോഴാണ് ക്രിസ്തു നമ്മിൽ രൂപപ്പെടുന്ന കാലമായി ശിക്ഷണകാലവും രൂപാന്തരപ്പെടുന്നത്. അതുകൊണ്ട് 'ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന്' (ഗലാ 2, 20) സഹനപർവ്വങ്ങളിലൂടെ (2 കോറി 11, 23-27) അഹം ശുദ്ധീകരിക്കപ്പെട്ട പൗലോസ് ശ്ലീഹായെപ്പോലെ നമുക്കും പറയാനാവുന്നു.

നാളത്തിന് പ്രകാശിക്കാനാണ് മെഴുകുതിരി. ഗുരുവിനു പ്രകാശിക്കാനാണ് നമ്മുടെ ആത്മാവും ശരീരവും കഴിവുകളും. അതു പരിശുദ്ധിയോടെ പുന:സമർപ്പിക്കുന്നതിനാണ് ശാസനയും ശിക്ഷണവും പ്രഹരവും പരിശീലനവും.

-ജോയിക്കുട്ടി വിൻസന്റ്

-------------------------------------

ജോയിച്ചൻ മണ്ണനാൽ എന്നറിയപ്പെടുന്നു. തലശ്ശേരി സോണിൽ കിളിയന്തറ ഇടവകാംഗം. കേരളത്തിലെ കരിസ്മാറ്റിക് നവീകരണത്തിന്റെ തുടക്കം മുതൽ സജീവം. ജീസസ് യൂത്തിന്റെ ആരംഭകാലം മുതൽ വിവിധ ടീമുകളുടെ ആനിമേറ്ററായിരുന്നു. നിലവിൽ ഫോർമേഷൻ ഫിലിപ് കോഴ്സ് സെൻട്രൽ റിസോഴ്സ് ടീം അംഗം.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*